# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 118**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ലഹരിവസ്തുക്കളുടെ ലഭ്യതയും ഉപയോഗവും അപകടകരമാംവിധം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഈ ദുരവസ്ഥയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും നാശത്തിന്റെ വക്കിൽനിൽക്കുന്ന മാനവസമൂഹത്തെ രക്ഷിക്കുന്നതിനും സഭ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യത്തോടുകൂടി സഭ ആരംഭിച്ച ലഹരിവിമോചനസമിതി, മിഷൻ ടു പാരീഷ്, മിഷൻ ടു സ്കൂൾസ്/ കോളേജസ് ആന്റ് സണ്ടേസ്കൂൾസ്, മിഷൻ ടു ആൽക്കഹോളിക് അനോണിമസ്, മിഷൻ ടു പബ്ലിക് അവയർനസ്, മിഷൻ ടു റീഹാബിലിറ്റേഷൻ എന്നീ 5 മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു.

അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ ചെയർമാനായുള്ള ഒരു കമ്മറ്റി ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. നമ്മുടെ എല്ലാ ഇടവകകളിലും ലഹരിവിമോചന സമിതിയുടെ ശാഖകൾ ആരംഭിച്ച് ഇടവകകളിലും ഇടവകയ്ക്ക് പുറത്തും ഈ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

2024 ജനുവരി 14–ാം തീയതി ഞായറാഴ്ച ലഹരി വിരുദ്ധദിനമായി സഭ വേർതിരിച്ചിരിക്കുന്നു. ആ ദിവസത്തേക്ക് ക്രമീകരിച്ചിരിക്കുന്ന പ്രത്യേക ആരാധനക്രമം ഇടവകകളിൽ ഉപയോഗിക്കേണ്ടതാണ്. നമ്മുടെ എല്ലാ പള്ളികളിലും ലഹരി വിരുദ്ധ പ്രചാരണത്തോടൊപ്പം റാലികൾ, പദയാത്രകൾ, പൊതുയോഗങ്ങൾ ആദിയായവ സംഘടിപ്പിച്ച് ജനങ്ങളെ ജാഗരൂകരാക്കണം. സഭയുടെ എല്ലാ തലങ്ങളിലെ സമ്മേളനങ്ങളിലും ഇതൊരു പ്രധാന വിഷയമായി ചർച്ച ചെയ്യുകയും സഭ ഒന്നടങ്കം ഈ തിന്മയ്ക്കെതിരെ പോരാടുവാൻ സമർപ്പിതരാകുകയും വേണം. ആധുനിക വിവരസാങ്കേതിക വിദ്യയുടെ പുത്തൻ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഈ സന്ദേശം കൗമാരക്കാരിലും യുവജനങ്ങളിലും എത്തിക്കുന്നതിൽ ശ്രദ്ധിക്കണം.

മലയാലപ്പുഴ നവജീവകേന്ദ്രം, കോട്ടയം മോചന, പേയാട് നൈർമല്യ, വാളകം ആശ്വാസ്, അടൂർ അനുഗ്രഹ, കിടങ്ങന്നൂർ നവദർശൻ, കുമ്പനാട് കൗൺസിലിംഗ് സെന്റർ, വയനാട് മുക്തി, അഗളി ദർശന, പൊള്ളാച്ചി മുതലായ ഡി–അഡിക്ഷൻ സെന്ററുകളിൽ ചികിത്സ, ബോധവൽക്കരണ ക്ലാസുകൾ, കൗൺസലിംഗ്, ആൽക്കഹോളിക് അനോണിമസ് മീറ്റിംഗുകൾ തുടങ്ങിയവ നടത്തിവരുന്നു.

നമ്മുടെ സഭാംഗങ്ങൾ, ക്രിസ്തീയ സാക്ഷ്യം നിലനിർത്തുന്നതിന്റെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായി വിട്ടു നിൽക്കേണ്ടതാണ്. ലിംഗഭേദമെന്യേ എല്ലാവ്യക്തികളും ലഹരി വിരുദ്ധ പ്രതിജ്ഞ ഏറ്റെടുത്ത് ലഹരിമുക്ത വ്യക്തിത്വം, ലഹരിമുക്ത കുടുംബം, ലഹരിമുക്ത ഇടവക, ലഹരിമുക്ത സമൂഹം എന്ന ലക്ഷ്യപ്രാപ്തിക്കായി ഒന്നിച്ച് പ്രവർത്തിക്കാം. ലഹരി വിപത്തിൽ നിന്നും നമ്മുടെ സമൂഹത്തെ രക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ഫലകരമാകുന്നതിന് ആവശ്യമായ പരിശുദ്ധാത്മ ശക്തി ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

2023 ഡിസംബർ 14–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 118**

*Blessings to you all the Vicars, Resident Clergy, Trustees*
*and Members of all the Parishes under our authority.*

Beloved in Christ,

In the context of wide use and pernicious availability of alcohol and narcotic substances, the Church is bound by duty to campaign against and raise awareness about this social evil. The Lahari Vimochana Samithy, which was started with a view to implement the temperance movement, performs activities in these five areas: Mission to Parish, Mission to Schools/Colleges and Sunday Schools, Mission to Alcoholics Anonymous, Mission to Public Awareness, and Mission to Rehabilitation.

A committee headed by Rt. Rev. Dr. Joseph Mar Barnabas Suffragan Metropolitan gives leadership to these activities. Branches of the Lahari Vimochana Samithy should be started in our parishes and its activities should be carried out in and around the parish, as it is the necessity of the time.

We as a Church have set apart the Sunday, 14th January, 2024 as the De-Addiction Day. The special worship order prepared for the day should be used in our parishes. Along with raising awareness, activities such as rallies, padayatras, public meetings, etc. should be organized to make all people vigilant. Gatherings in all levels of the Church should take this as a main topic of discussion, and the Church as a whole must commit to fight this menace. This message must be conveyed to the adolescents and youth by using the numerous possibilities of information technology.

Treatment for alcoholism and drug addiction including family counselling, Alcoholics Anonymous meetings and awareness meetings are made available at Navajeeva Kendram – Malayalapuzha, Mochana – Kottayam, Nairmalya De-addiction & Counselling Centre – Peyadu, Thiruvanathapuram, Aswas – Valakom, Anugraha – Adoor, Navadarsan De-addiction Centre – Kidangannur, Mukti De-addiction Centre – Nadavayal, Wayanad, Counselling Centre – Kumbanad, Darsana – Agali, Pollachi, etc.

We exhort all members of the Church to uphold their Christian witness by not falling prey to alcohol and narcotic substances. All people should take the pledge of temperance irrespective of gender and collaborate for the ultimate aim of alcohol-free personality, alcohol-free family, alcohol-free parish and an alcohol-free society. Let us pray that the Holy Spirit may strengthen all our efforts to save our society from this grave danger of narcotic substances.

Grace be with you all.

Dated 14th December 2023 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**